# India-Oman Strategic Consultative Group (IOSCG) Meeting

January 14, 2021

---

## ഇന്ത്യ - ഒമാൻ നയതന്ത്ര കൺസൽട്ടേറ്റീവ് ഗ്രൂപ്പ് (IOSCG) മീറ്റിങ്

ജനുവരി 14, 2021

ഇന്ത്യ -ഒമാൻ കൺസൽട്ടേറ്റീവ് ഗ്രൂപ്പിന്റെ സമ്മേളനം എന്ന് ന്യൂ ഡൽഹിയിൽ നടന്നു. വിദേശകാര്യമന്ത്രാലയത്തിലെ സെക്രട്ടറി (CPV & OIA) ശ്രീ സഞ്ജയ് ഭട്ടാചാര്യ ഇന്ത്യൻ വിഭാഗത്തെയും ഒമാനി വിദേശകാര്യമന്ത്രാലയത്തിലെ നയതന്ത്ര ബന്ധങ്ങൾ സംബന്ധിച്ച അണ്ടർ സെക്രട്ടറി ഷെയ്ഖ് ഖലീഫ ബിൻ അലി അൽ ഹാർത്തി ഒമാനി വിഭാഗത്തെയും നയിച്ചു.കോവിഡ് -19 തുടങ്ങിയത് മുതൽ ഒമാനിൽ നിന്നുള്ള ആദ്യ ഉന്നതതല ഔദ്യോഗിക സന്ദർശനമാണിത്.

കോവിഡ് -19 പകർച്ചവ്യാധിയെത്തുടർന്നും, ഇരു രാജ്യങ്ങളും തമ്മിൽ അടുത്ത സമ്പർക്കം പുലർത്തിയതിനും നയതന്ത്രബന്ധങ്ങളിലെ സംയോജനത്തിലുള്ള ആവേഗം നിലനിർത്തിയതിലും ഇരു വിഭാഗങ്ങളും സംതൃപ്തി പ്രകടിപ്പിച്ചു.പകർച്ചവ്യാധി സമയത്ത് ഒമാനിലെ വലിയ തോതിലുള്ള ഇന്ത്യൻ സമൂഹത്തിനു നൽകിയ കരുതലിന് സെക്രട്ടറി (CPV&OIA) ഒമാനി വിഭാഗത്തോട് നന്ദി അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള എയർ ബബിൾ മാനേജ്മെന്റ് നന്നായി പ്രവർത്തിക്കുന്നതിനൽ ഇരു രാജ്യങ്ങളും സന്തോഷം പ്രകടിപ്പിച്ചു. പകർച്ചവ്യാധി സമയത്ത് ഒമാനിലേക്ക് ഭക്ഷണവും വൈദ്യ സഹായങ്ങളും എത്തിച്ചതിൽ ഒമാൻ വിഭാഗം ഇന്ത്യയെ അഭിനന്ദിച്ചു. കോവിഡ് -19 വാക്സിനുകളുടെ ആവശ്യകതയിലും ഇന്ത്യ ഓമ്നിനായി സഹായം വാഗ്ദാനം ചെയ്തു.

രാഷ്ട്രീയം, ഊർജം, വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷാ, ഖനനം, ശാസ്ത്ര സാങ്കേതികത, സാംസ്കാരികം കൂടാതെ ഭരണപരമായ മേഖലകൾ എന്നിവയുൾപ്പടെയുള്ള വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയും ഒമാനും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിന്റെ എല്ലാ ആവശ്യങ്ങളും IOSCG യ്ക്കിടെ ഇരു വിഭാഗങ്ങളും അവലോകനം ചെയ്തു. ഭാവിയിലേക്കുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവിധ ഉടമ്പടികളും പരസ്പര ധാരണകളും കൊണ്ട് വരുന്നതിനും ഇരു വിഭാഗങ്ങളും അനുകൂലിച്ചു. കോവിഡ് -19 ശേഷം സാധാരണ ഗതി കൈവരിക്കുമ്പോൾ വ്യപാര നിക്ഷേപ മേഖലകളിലെ പഴയ അവഗം തിരിച്ചെടുക്കുന്നതിനും അവർ പ്രത്യാസ പ്രകടിപ്പിച്ചു.ആരോഗ്യം ,ഭക്ഷ്യ സുരക്ഷാ എന്നി മേഖലകളിലെ സഹകരണം മെച്ചപ്പെടുത്തുന്നതിനും അവർ ചർച്ച ചെയ്തിരുന്നു. അടുത്തിടെയുള്ള പ്രാദേശികമായ സംഭവങ്ങൾ കൂടാതെ ഇരു

വിഭാഗങ്ങൾക്കും താല്പര്യമുള്ള ആഗോള വിഷയങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകളും ഇരു കൂട്ടരും പങ്കുവയ്ച്ചു.

വിദേശകാര്യാമന്ത്രി ഡോ. എസ് ജയശങ്കറും ഇന്ന് ഒമാനി അണ്ടർസെക്രട്ടറിയെ സ്വാഗതം ചെയ്തു. സുൽത്താൻ ഹൈഥം ബിൻ താരിക്കിന് കീഴിലുള്ള പ്രവിശ്യയുടെ ഒന്നാം വാർഷികത്തിൽ വിദേശകാര്യമന്ത്രി ഒമാനി വിഭാഗത്തിന് ആശംസകൾ അറിയിച്ചു. അദ്ദേഹത്തിന് ഇന്ത്യൻ സന്ദർശിക്കുന്നതിനുള്ള പ്രധാനമന്ത്രിയുടെ ക്ഷണത്തെ വിദേശ കാര്യമന്ത്രി ആവർത്തിക്കുകയും ചെയ്തു. വിവിധ മേഖലകളിൽ ഇന്ത്യ -ഒമാൻ നയതന്ത്ര ബന്ധം തുടർന്ന് ശക്തിപ്പെടണമെന്നു അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിക്കുകയും ചെയ്തു.

വിദേശസേവനങ്ങൾക്കായി ഷെയ്ഖ് ഖലീഫ നാളെ സുഷമ സ്വരാജ് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുന്നതാണ്.

**ന്യൂ ഡൽഹി**
**14 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.